**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4660.** **13.11.2019 ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ വർദ്ധിച്ചുവരുന്ന ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ വർദ്ധിച്ചുവരുന്ന ലഹരി മാഫിയകളുടെ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ എക്സൈസ് ഷാഡോ സംവിധാനവും ഇന്റലിജൻസ് വിഭാഗവും എക്സൈസ് സ്പെഷ്യൽ സ്ക്വാഡുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നു. എക്സൈസ് കമ്മീഷണറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്ത് മൂന്ന് മേഖലകളിലായി മൂന്ന് സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തി വരുന്നു. പുറമെ സംസ്ഥാന തലത്തിലും ഒരു സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പോലീസ്, ഫോറസ്റ്റ്, റവന്യൂ മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ്, ആർ.പി.എഫ്. തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്നും ബന്ധപ്പെട്ട മേഖലകളിൽ സംയുക്ത പരിശോധനകൾ നടത്തി വരുന്നു. |
| (സി) | വിദ്യാലയങ്ങളും പൊതുസ്ഥലങ്ങളും കേന്ദ്രീകരിച്ച് ഇത്തരം മാഫിയകളുടെ പ്രവർത്തനത്തിനെതിരെ ശക്തമായ ബോധവല്ക്കരണ നടപടികൾ താമസംവിനാ സ്വീകരിക്കുമോ ? | (സി) | വിദ്യാലയങ്ങളും പൊതുസ്ഥലങ്ങളും കേന്ദ്രീകരിച്ച് മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ ലഹരി പദാർത്ഥങ്ങളുടെ വിപണനം, ഉപയോഗം എന്നിവ തടയുന്നതിന് നിലവിൽ ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ